## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **24-06-2024 - ൽ മറുപടിയ്ക്ക്**

### ക്ഷേമ പെൻഷന് വേണ്ടി ധനസമാഹരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആറ് മാസത്തോളം കുടിശ്ശികയായ ക്ഷേമ പെൻഷൻ കൊടുത്തു തീർക്കാനുള്ള ധനസമാഹരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (എ) | ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്ന-തിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണ- ത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്.<br><br>സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. കേരള Finance Act 2023 പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ നിരക്കിലാണ് സെസ് ഏർപ്പെടുത്തിയത്. 500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ഒരു ബോട്ടിലിന് 20/- രൂപ നിരക്കിലും 1000/- രൂപയ്ക്ക് മുകളിൽ വില വരുന്ന മദ്യത്തിന് ബോട്ടിലിന് 40 /- രൂപ നിരക്കിലുമാണ് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത്. ഇപ്രകാരം സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, |

| | | | |
|---|---|---|---|
| | | | ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.<br><br>**2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ(രണ്ട് ഗഡു), മെയ് എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. തുടർന്നും മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ